എത്ര സ്റ്റേഷനുകൾ ഉണ്ട്; എവിടെയൊക്കെയാണ്; എന്നുമുതലാണ് ഇത് നടപ്പാക്കിവരുന്നത്;

(സി) പോലീസ് സ്റ്റേഷനുകളിൽ നൽകുന്ന പരാതികൾക്ക് രസീത് നൽകണമെന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ടോ; എത്ര സ്റ്റേഷനുകളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്;

(ഡി) പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് വനിതാ പോലീസിന് ഇരിക്കുന്നതിനും വിശ്രമിക്കുന്നതിനും പ്രത്യേക സ്ഥലം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ. ഇല്ലെങ്കിൽ ഇതിന് നടപടി എടുക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 8 മണിക്കൂർ പ്രവൃത്തിസമയം ആക്കി 72 പോലീസ് സ്റ്റേഷനുകൾ ഉണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു) പോലീസുകാരുടെ അമിത ജോലിഭാരം കണക്കിലെടുത്ത് അവർക്ക് വിശ്രമം അനുവദിച്ചുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി പരീക്ഷണാർത്ഥമാണ് ഈ പോലീസ് സ്റ്റേഷനുകൾ തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് 19 മാതൃകാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്; (ലിസ്റ്റ് അനുബന്ധം രണ്ട് ആയി ചേർത്തിരിക്കുന്നു.) സംസ്ഥാനത്ത് 92 പോലീസ് സ്റ്റേഷനുകളിൽ അടുത്ത കാലത്തായി റിസപ്ഷൻ കൗണ്ടർ സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധം മൂന്നായി ചേർത്തിരിക്കുന്നു)†

(സി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇത് നടപ്പാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്. വനിതാ യൂണിറ്റുകൾ പ്രവർത്തിക്കുന്ന എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാർക്ക് ഇരിക്കുന്നതിനും വിശ്രമിക്കുന്നതിനും പ്രത്യേക സ്ഥലം നൽകുന്നുണ്ട്.

(1625) ലോക്കപ്പ് മർദ്ദനങ്ങൾ

ശ്രീ. കെ. സുധാകരൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നാളിതുവരെ എത്ര ലോക്കപ്പ് മർദ്ദനങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് നാലു സംഭവങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. അവയുടെ വിവരം താഴെ കൊടുക്കുന്നു:-

(1) മോഷണക്കേസിനോടനുബന്ധിച്ച് 2 പേരെ അഗളി പോലീസ് സ്റ്റേഷനിൽ 27.5.97 മുതൽ 21 ദിവസം കസ്റ്റഡിയിൽ വയ്ക്കുകയും പീഡിപ്പിക്കുകയും ചെയ്തതായ സംഭവം.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2) വർക്കല പോലീസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ബി. ശശിധരൻ 3.10.97 ന് രാത്രി വിമൽദാസ് എന്നയാളെ കസ്റ്റഡിയിൽ എടുത്തു മർദ്ദിച്ച സംഭവം.

3) തിരുവനന്തപുരം മെഡിക്കൽകോളേജ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. വി. ഗോപാലകൃഷ്ണൻ ക്രൈം നമ്പർ 218/98 -ലെ പ്രതിയായ മാത്യു എബ്രഹാമിനെ 28.11.98 രാവിലെ 3.30 മണിക്ക് അറസ്റ്റ് ചെയ്ത് ദേഹോപദ്രവം ഏൽപ്പിച്ച സംഭവം.

4) പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 48/96-ലെ പ്രതിയായ അരവിന്ദ് ശശിയെ അറസ്റ്റ് ചെയ്ത് മർദ്ദിച്ച സംഭവം. ഇതിൽ ഒന്നും നാലും സംഭവങ്ങളിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. രണ്ടും മൂന്നും സംഭവങ്ങളിൽ കേസ്സ് ക്രൈം ബ്രാഞ്ച് അന്വേഷിച്ചുവരികയാണ്.

(1646) കാസർഗോഡ് ജില്ലയിലെ കൊലപാതകക്കേസ്സുകൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര കൊലപാതകങ്ങൾ നടന്നു എന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൊലപാതകക്കേസ്സുകളിൽ ആരെല്ലാം പ്രതികളാണ്;

(സി) എത്രപേരെ അറസ്റ്റുചെയ്യാൻ ബാക്കിയുണ്ട്; അവർ ആരെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) പ്രതികളെ കണ്ടെത്താൻ കഴിയാത്ത കേസ്സുകൾ ഏതെല്ലാമാണ്;

(ഇ) കുറ്റവാളികളെ കണ്ടെത്തുന്നതിന് സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 57 കേസുകളിലായി 62 കൊലപാതകങ്ങൾ നടന്നു.

(ബി) ഉത്തരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) മൂന്നുപേരെ അറസ്റ്റുചെയ്യാൻ ബാക്കിയുണ്ട്. 1. അനുനായിക്(ക്രൈം 17/99, ബദിയടുക്ക പോലീസ് സ്റ്റേഷൻ)

2. വാഴപ്പറമ്പിൽ ഗോപാലൻ (ക്രൈം 403/97, ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ)

3. പവിത്രൻ (ക്രൈം787/97 ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ)

(ഡി) ക്രൈം 147/98 (ബദിയടുക്ക പി.എസ്.) ക്രൈം 280/98 (കാസർഗോഡ് പി.എസ്) ക്രൈം.114/98 (കാസർഗോഡ് പി.എസ്.)

(ഇ) ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly